**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3987** **27-10-2021 - ൽ മറുപടിയ്ക്ക്**

**മുൻഗണന റേഷൻകാർഡിൽനിന്നും ഒഴിഞ്ഞുപോയവരുടെ എണ്ണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാറശ്ശാല നിയോജകമണ്ഡലത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകളിലായി അനർഹരായ എത്രപേർ മുൻഗണന റേഷൻകാർഡിൽനിന്നും സ്വമേധയാ ഒഴിഞ്ഞുപോയിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | 837 റേഷൻ കാർഡുടമകൾ |
| (ബി) | ഇനിയും ഇത്തരത്തിൽ മുൻഗണന റേഷൻകാർഡിൽനിന്നും ഒഴിവാക്കപ്പെടേണ്ട എത്രപേർ ഉണ്ടെന്നുള്ള കൃത്യമായ വിവരം ശേഖരിച്ചിട്ടുണ്ടോ; പഞ്ചായത്തടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം തുടർപ്രക്രിയയായതിനാൽ വിവിധതലങ്ങളിലുള്ള പരിശോധനകളിലൂടെ മാത്രമേ അനർഹരെ കണ്ടെത്താൻ സാധിക്കുകയുള്ളൂ. |
| (സി) | പാറശ്ശാല മണ്ഡലത്തിൽ വിവിധ പഞ്ചായത്തുകളിലായി എ.പി.എൽ. കാർഡ് ബി.പി.എൽ. കാർഡാക്കി മാറ്റണമെന്നാവശ്യപ്പെട്ട് ലഭിച്ച അപേക്ഷകൾ എത്രയാണ്; അപേക്ഷകരുടെ വിശദാംശങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ; | (സി) | 4054 അപേക്ഷകൾ. പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു. പാറശാല 935 കുന്നത്തുകാൽ 633 കൊല്ലയിൽ 520 വെള്ളറട 530 പെരുങ്കടവിള 424 അമ്പൂരി 264 കള്ളിക്കാട് 118 ഒറ്റശേഖരമംഗലം 412 ആര്യങ്കോട് 218 ആകെ 4054 |
| (ഡി) | പ്രസ്തുത അപേക്ഷകളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ? | (ഡി) | പ്രസ്തുത അപേക്ഷകളിൽ നിന്നും ഇതുവരെ കള്ളിക്കാട് – 81, ആര്യങ്കോട് – 185, ഒറ്റശേഖരമംഗലം – 69, അമ്പൂരി – 130 കുടുംബങ്ങളെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബാക്കിയുള്ള പഞ്ചായത്തുകളിൽ നിന്നും അർഹരായ 1135 അപേക്ഷകരെ ഇനി വരുന്ന ഒഴിവുകളിലേക്ക് പരിഗണിക്കുന്നതിനുള്ള ലിസ്റ്റ് തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ